"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്ത് വരുന്ന പാചകത്തൊഴിലാളികൾക്ക് 2025 നവംബർ മാസത്തെ വേതനത്തിന്റെ സംസ്ഥാന അധിക സഹായം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കൊണ്ടും ആയത് റിലീസ് ചെയ്ത് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

G.O.(Rt)No.9936/2025/GEDN തീയതി,തിരുവനന്തപുരം, 28-11-2025

---

പരാമർശം:-
1. 09.05.2025 തിയതിയിലെ സ.ഉ(സാധാ)നം.3235/2025/പൊവിവ.
2. 12.11.2025 തിയതിയിലെ സ.ഉ(സാധാ)നം.9655/2025/പൊവിവ
3. 08.11.2025 തിയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡിജിഇ-11722/2025-എൻഎംഎ(3) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്ത് വരുന്ന 13327 പാചകത്തൊഴിലാളികൾക്ക് 2025 നവംബർ മാസത്തെ വേതനത്തിന്റെ സംസ്ഥാന അധിക വിഹിതം നല്കുന്നതിനായി ആകെ 17,32,51,000/- രൂപ (പതിനേഴ് കോടി മുപ്പത്തിരണ്ട് ലക്ഷത്തി അൻപത്തിയൊന്നായിരം രൂപ മാത്രം) കണക്കാക്കിയിട്ടുണ്ട് എന്നും പ്രസ്തുത തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിനായി പദ്ധതി നടത്തിപ്പിനായി "2202-01-112-89-PV-സംസ്ഥാന അധിക സഹായം" എന്ന കണക്ക് ശീർഷകത്തിൽ നിന്നും സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സ്കൂൾ പാചകത്തൊഴിലാളികളുടെ 2025 നവംബർ മാസത്തെ ഓണറേറിയം നൽകുന്നതിനായി '2202-01-112-89-PV-അധിക സഹായം' എന്ന ശീർഷകത്തിൽ നിന്നും ആകെ 17,32,51,000/- രൂപ (പതിനേഴ് കോടി മുപ്പത്തിരണ്ട് ലക്ഷത്തി അൻപത്തിയൊന്നായിരം രൂപ മാത്രം) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കൊണ്ടും ആയത് റിലീസ് ചെയ്ത് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

<u>SNA Account Details:-</u>

Account Holder Name: Directorate of General Education

Account Number: 110010886976
Bank & Branch: Canara Bank, Vazhuthacaud
IFSC: CNRB0002607

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
UNDER SECRETARY

പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് )കേരളം ,തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (എ &ഇ )കേരളം ,തിരുവനന്തപുരം .
ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ് U.O(R) EDN-A2/218/2024-FIN dated.26.11.2025
വിവര പൊതുജന സമ്പർക്ക(വെബ് &ന്യൂ മീഡിയ )വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ,KITE ,തിരുവനന്തപുരം (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sajitha V
Date: 28-11-2025 11:38:58
സെക്ഷൻ ഓഫീസർ

പകർപ്പ് - 1. ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
3. പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്.